കള്ളുവ്യവസായം സംരക്ഷിക്കുന്നതിന് നടപടി

36 [3289] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുവ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കള്ളിൽ മായം ചേർക്കാതെ പോഷകാംശം അടങ്ങിയതും, ആയുർവേദ വിധിപ്രകാരം ചികിൽസയ്ക്കുള്ള മരുന്നായും ഉപയോഗിക്കാവുന്ന ഒന്നായതിനാൽ ശുദ്ധമായ കള്ള് ആവശ്യത്തിനു വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) കള്ള് കൂടുതൽ ഉൽപ്പാദിപ്പിക്കാനും കേടുകൂടാതെ സൂക്ഷിക്കാനും കഴിയുന്നതരത്തിൽ സംസ്കരിക്കുന്ന പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിൽ മദ്യനയത്തിന്റെ ഭാഗമായി കള്ളു ഷാപ്പുകളുടെ എണ്ണം 4000 ആയി കുറവുചെയ്തെങ്കിലും തൊഴിലാളി സംഘടനകളുടെ ആവശ്യാനുസരണം വീണ്ടും 362 ഷാപ്പുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. നിർത്തൽചെയ്ത കള്ളുഷാപ്പുകളിലെ തൊഴിലാളികളെ അതേവർഷംതന്നെ മറ്റുള്ള കള്ളുഷാപ്പുകളിൽ പുനർവിന്യാസം നടത്തി തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചിട്ടുണ്ട്. കള്ളുഷാപ്പു കളുടെ ലൈസൻസ് ഫീസ് വ്യവസായത്തിന് താങ്ങാൻ കഴിയുന്നവിധം പുനഃപരിശോധിച്ച് നിശ്ചയിച്ചിട്ടുണ്ട്. കള്ളുഷാപ്പുകളുടെ പുതുക്കൽ/വിൽപ്പന നടത്തുന്ന സമയത്ത് ലൈസൻസികളിൽനിന്നും തൊഴിലാളികളുടെ ക്ഷേമനിധി വിഹിതത്തിന്റെ മൂന്ന് തവണയും ഒരു മാസത്തെ വേതനവും മുൻകൂറായി വാങ്ങി വരുന്നു. വിൽപ്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ നാമമാത്രമായ വാടക ഈടാക്കി വൃക്ഷക്കരം, മുൻകൂർ തൊഴിലാളിക്ഷേമനിധി വിഹിതം എന്നിവ ഒഴിവാക്കി തൊഴിലാളി കമ്മിറ്റികൾക്ക് നൽകിവരുന്നുണ്ട്. നിർദ്ദിഷ്ട ദൂരപരിധിക്കകത്ത് മുൻവർഷങ്ങളിൽ പ്രവർത്തിച്ചുവന്നിരുന്ന കള്ളുഷാപ്പുകളെ തുടർന്നും അതേ സ്ഥലത്ത് പ്രവർത്തിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, വ്യാജവാറ്റും, വ്യാജമദ്യവിൽപ്പനയും തടയുന്നതിന്, ഇവയ്ക്കുള്ള ശിക്ഷയുടെ കാഠിന്യം വർദ്ധിപ്പിച്ച് നിയമഭേദഗതി വരുത്തിയിട്ടുണ്ട്. വകുപ്പ് നവീകരിച്ച് വ്യാജമദ്യവിൽപ്പനയ്ക്കും, കടത്തലിനുമെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ 4362 കള്ളുഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന കള്ള് മായം ചേർത്തതല്ലായെന്ന് ഉറപ്പുവരുത്തുവാൻ സാമ്പിളുകൾ ശേഖരിച്ച് രാസ പരിശോധന നടത്തി മായം ചേർത്തിട്ടുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly